# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3433 — 14.10.2011 ൽ മറുപടിയ്ക്ക്

## കാട്ടാനശല്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) കാട്ടാനകൾ നിരന്തരം കൃഷിയിടങ്ങൾ നശിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (എ) കാട്ടാനകൾ കൃഷിയിടങ്ങൾ നശിപ്പിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കാട്ടാനകൾ നിരന്തരം കൃഷിയിടങ്ങൾ നശിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) എങ്കിൽ അതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ ? | (ബി) കാട്ടാനകൾ കൃഷിയിടങ്ങളിൽ ഇറങ്ങി കൃഷിനാശം വരുത്തുന്നത് തടയുന്നതിനായി താഴെ പറയുന്ന നടപടികളാണ് സ്വീകരിച്ചു വരുന്നത്.<br><br>1. ആന പ്രതിരോധ കിടങ്ങുകൾ കുഴിക്കുക.<br><br>2. സൗരോർജ്ജ കമ്പിവേലികളും വൈദ്യുത കമ്പിവേലികളും നിർമ്മിക്കുക.<br><br>3) ഭിത്തികൾ നിർമ്മിക്കുക.<br><br>4) എലിഫന്റ് സ്കെയറിംഗ് സ്ക്വാഡുകൾ രൂപീകരിക്കുക.<br><br>5) വാച്ചർമാരെ നിയോഗിച്ച് ആനകളെ തിരിച്ച് കാട്ടിലേക്ക് പിന്തിരിപ്പിക്കുക.<br><br>6) ചില്ലീപൗഡർ ക്രാക്കർ ടെക്നിക്കിലൂടെ ആനകളെ കാട്ടിലേക്ക് പിന്തിരിപ്പിക്കുക. |

7) ആനകളുടെ സഞ്ചാരപഥം പുന: സ്ഥാപിക്കുന്നതിന് ആനത്താരാ പദ്ധതി യിൻകീഴിൽ സ്വകാര്യ സ്ഥലം ഏറ്റെടുത്ത് ആനത്താരകൾ ഉണ്ടാക്കുക.

8) വന്യജീവി സങ്കേതങ്ങൾക്കുള്ളിലെ സെറ്റിൽമെന്റുകളിൽ താമസിക്കുന്നവ രിൽ മറ്റിടങ്ങളിലേക്ക് മാറി താമസിക്കാൻ സന്നദ്ധരായവരെ മാറ്റി പാർപ്പി ക്കുക.

9) കാടിറങ്ങി സ്ഥിരമായി കൃഷിനാശം ഉണ്ടാക്കുന്ന ആനകൾക്ക് റേഡിയോ കോളർ ഘടിപ്പിച്ച് അവയുടെ സഞ്ചാരം നിരീക്ഷിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

10) വനാതിർത്തിയിൽ ജൈവവേലി നിർമ്മിക്കുതിനും വന്യജീവികൾക്ക് ഭക്ഷ ണവും ജലലഭ്യതയും ഉറപ്പുവരുത്തുന്ന തിനും ആവശ്യമായ നടപടികൾ സ്വീകരി ക്കുന്നുണ്ട്.

11)കൃഷിനാശം വരുത്തുന്ന കാട്ടാനകളെ തിരികെ കാട്ടിലേക്ക് ഓടിക്കുവാൻ 5 റാപ്പിഡ് റെസ്പോൺസ് ടീമുകൾ വയനാട്, കണ്ണൂർ, പാലക്കാട്, നിലമ്പൂർ, റാന്നി എന്നീ വനമേഖലകൾ ആസ്ഥാ നമാക്കി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാ നത്തെ മുഴുവൻ വനമേഖലയിലും സേവനം ലഭ്യമാക്കത്തക്കവണ്ണം ടീമുക ളുടെ പ്രവർത്തനമേഖലകൾ നിശ്ചയി ച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ